I. ഇ.ബി. XV-കേരള നിയമസഭ/XIII-11

## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 മാർച്ച് 03, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

### I. മന്ത്രിയുടെ പ്രസ്താവന

നക്ഷത്രചിഹ്നമിട്ട 175-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 21-06-2024-ലെ നക്ഷത്രചിഹ്നമിട്ട 175-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം മുഖ്യമന്ത്രി മേശപ്പുറത്തുവച്ചു.

### II. ചരമോപചാരം

പി. രാജുവിന്റെ നിര്യാണം

മുൻ എം.എൽ.എ. പി. രാജുവിന്റെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.

## III. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: താമരശ്ശേരിയിലെ പത്താം ക്ലാസ് വിദ്യാർഥികൾ തമ്മിലുള്ള സംഘർഷത്തിൽ ഷഹബാസ് എന്ന വിദ്യാർഥി കൊല്ലപ്പെട്ടതടക്കം സ്കൂൾ വിദ്യാർഥികളും യുവാക്കളും നടത്തുന്ന അക്രമങ്ങൾ വർധിച്ചുവരുന്നതുമൂലം ജനങ്ങളിൽ ഉളവായിട്ടുള്ള ആശങ്ക ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ രമേശ് ചെന്നിത്തല, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രസ്തുത വിഷയം ചർച്ചയ്ക്കെടുക്കാവുന്നതാണ്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

## IV. ശ്രദ്ധ ക്ഷണിക്കൽ

### (1) ആശാ വർക്കർമാരുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കേണ്ടതിന്റെയും ഓണറേറിയം, ഇൻസെന്റീവ് എന്നിവയുടെ കേന്ദ്രവിഹിതം ലഭിക്കേണ്ടതിന്റെയും ആവശ്യകത

ശ്രീമതി ശാന്തകുമാരി കെ.: സംസ്ഥാനത്ത് എൻ.എച്ച്.എം.-ന്റെ കീഴിൽ 26125 ആശാ വർക്കർമാരുണ്ട്. ഇവരുടെ ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിനും പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും ഓണറേറിയം, ഇൻസെന്റീവ് എന്നിവ നൽകുന്നതിന് കേന്ദ്രവിഹിതം സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. ആശാ വർക്കർമാരെ തൊഴിൽ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ആശാ വർക്കർമാരെ തൊഴിൽ നിയമങ്ങളുടെ പരിധിയിൽകൊണ്ടുവരണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന സംസ്ഥാനം കേരളമാണ്. ഓണറേറിയം നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള മാനദണ്ഡങ്ങൾ ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പൂർണ്ണമായി മാറ്റുകയും ഇവരുടെ ജോലിഭാരം

ലഘൂകരിക്കുന്നതിന് ആരോഗ്യവകുപ്പ് ഗൈഡ്‌ലൈൻ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം ഈ പദ്ധതിപ്രകാരം ലഭിക്കേണ്ട വിഹിതം നൽകിയിട്ടില്ലെന്ന കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും അനുഭാവപൂർവമായ നിലപാട് സ്വീകരിച്ചിട്ടില്ല.

(2) കശുവണ്ടി മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. പി. സി. വിഷ്ണുനാഥ്: കശുവണ്ടി മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനും അടച്ചുപൂട്ടിയ ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ., ചികിത്സാ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കാനും കശുവണ്ടി വ്യവസായത്തെ നിലനിർത്താനായി ആവിഷ്കരിച്ച ഒ.റ്റി.എസ്. സ്കീം 2025 ഡിസംബർ വരെ നീട്ടി നൽകാനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന പ്രതിസന്ധി സംബന്ധിച്ച് പഠനം നടത്തുന്നതിനായി രൂപീകരിച്ച വിദഗ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഈ മേഖലയെ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. സ്വകാര്യ കശുവണ്ടി വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി നിരവധി സഹായങ്ങൾ ചെയ്തുവരുന്നതിനുപുറമെ പ്രസ്തുത സ്ഥാപനങ്ങളുടെ

വർക്കിങ് ക്യാപിറ്റൽ ലോണിന്റെ പലിശയുടെ 50 ശതമാനം (പരമാവധി 10 ലക്ഷം രൂപ വരെ) ഇളവ് നൽകുന്ന പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. പരമ്പരാഗത വ്യവസായ മേഖലകളിലെ സ്റ്റേക്ക്ഹോൾഡേഴ്സുമായി സംസ്ഥാനതലത്തിൽ കോൺക്ലേവ് നടത്തുന്നതാണ്. ബാങ്കുകളുമായുള്ള ചർച്ചയിൽ OTS സ്കീം ഡിസംബർ 31 വരെ നീട്ടുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. 20000 മെട്രിക് ടൺ കശുവണ്ടി വിവിധ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യാൻ കാപ്പെക്സ് ടെൻഡർ വിളിച്ചിട്ടുണ്ട്. ഐവറി കോസ്റ്റ് ഗവൺമെന്റുമായി ചർച്ച ചെയ്ത് ഗവൺമെന്റ് ടു ഗവൺമെന്റ് പ്രൊക്യൂർമെന്റിനുള്ള എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്. കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കാനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

## V. സബ്മിഷൻ

### (1) എൻ.എച്ച്.-66-ന്റെ പറവൂർ റീച്ചിൽ അടിപ്പാത, നടപ്പാത എന്നിവയുടെ നിർമ്മാണം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): എൻ.എച്ച്. 66-ൽ പറവൂർ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട ജങ്ഷനുകളിൽ അടിപ്പാത, നടപ്പാത എന്നിവ നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): എൻ.എച്ച്. 66-ൽ കൊടുങ്ങല്ലൂർ-ഇടപ്പള്ളി റീച്ചിൽ വരുന്ന കൂനമ്മാവ്, പട്ടണം, കുര്യാപ്പള്ളി എന്നിവിടങ്ങളിൽ അടിപ്പാതയും പെരുമ്പടന്നയിൽ നടപ്പാതയും വേണമെന്നുള്ള ആവശ്യം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(2) ആലത്തൂരിൽ ഫയർ സ്റ്റേഷൻ

ശ്രീ. കെ. ഡി. പ്രസേനൻ: ആലത്തൂർ ഫയർ സ്റ്റേഷൻ പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): ആലത്തൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ കുഴൽമന്ദം വില്ലേജിൽ 50 സെന്റ് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. ആലത്തൂർ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്റ്റേഷൻ എരിമയൂർ ഗ്രാമപഞ്ചായത്തിലെ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(3) <u>എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളുടെ പൂർത്തീകരണം</u>

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി പൂർത്തീകരണത്തിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): ഭരണാനുമതി ലഭ്യമായ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡെപ്പോസിറ്റ് വർക്കുകൾക്ക് ഡെപ്പോസിറ്റ് തുക കൈമാറുന്നതിനുള്ള കാലതാമസം പരിഹരിക്കാനും ഡി.എസ്.ആർ. പരിഷ്കരിക്കാനും നടപടി സ്വീകരിക്കും. എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ടെൻഡർ എക്സസ് അനുവദിക്കുന്നത് പ്രായോഗികമല്ല.

(4) <u>ലത്തീൻ കത്തോലിക്ക വിഭാഗത്തിന് ജാതി സർട്ടിഫിക്കറ്റ്</u>

<u>ശ്രീ. ടി. ജെ. വിനോദ്</u>: ലത്തീൻ കത്തോലിക്ക വിഭാഗത്തിന് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കാനുള്ള സർക്കാർ ഉത്തരവുകൾക്ക് സ്പഷ്ടീകരണം നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): നിലവിലുള്ള സർക്കാർ ഉത്തരവുകളിലോ സർക്കുലറുകളിലോ 1947-നുമുമ്പ് ലത്തീൻ

കത്തോലിക്ക വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ പിൻതലമുറക്കാർ ആയിരിക്കണമെന്ന നിബന്ധന ഒഴിവാക്കിയതായി പരാമർശിച്ചിട്ടില്ല. മാതാപിതാക്കൾ മറ്റ് ക്രിസ്ത്യൻ വിഭാഗത്തിൽ ഉൾപ്പെട്ടവരികയും കുട്ടികൾ ലത്തീൻ കത്തോലിക്ക സാക്ഷ്യപത്രം ആവശ്യപ്പെടുകയും ചെയ്യുമ്പോൾ 1947-നുമുമ്പ് ലത്തീൻ കത്തോലിക്ക ആയിരുന്നുവെന്ന് തെളിയിക്കേണ്ടതാണ്. 1947-നുമുമ്പ് ലത്തീൻ കത്തോലിക്ക വിശ്വാസികളായിരുന്നുവെന്ന് കുറ്റമറ്റ രീതിയിൽ നിർണ്ണയിക്കാനായി അവലംബിക്കേണ്ട രേഖകളെ സംബന്ധിച്ചും 1947-നുമുമ്പ് വിശ്വാസികളായി വന്നവർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ചും സ്പഷ്ടീകരണം നൽകുന്ന വിഷയം പിന്നാക്ക വിഭാഗ വികസന വകുപ്പുമായി ചേർന്ന് പരിശോധിക്കുകയും വകുപ്പ് നിർദേശിക്കുന്ന തീരുമാനം സ്പഷ്ടീകരണത്തിന് വിധേയമാക്കി നൽകാനുള്ള ധാരണയും ഉണ്ടാക്കുന്നതാണ്.

## (5) ആചാരസ്ഥാനികർക്കും കോലധാരികൾക്കും മലബാർ ദേവസ്വം ബോർഡിന്റെ ധനസഹായം

ശ്രീ. എം. രാജഗോപാലൻ: മലബാർ മേഖലയിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കും നൽകിവരുന്ന പ്രതിമാസ

ധനസഹായം യഥാസമയം ലഭ്യമാക്കാനും പുതിയ അപേക്ഷകൾ സ്വീകരിക്കാനും നിലവിലുള്ള ധനസഹായം വർധിപ്പിക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണം.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): നിലവിൽ 1544 ആചാരസ്ഥാനികരും 368 കോലധാരികളുമടക്കം 1912 പേർ ധനസഹായം കൈപ്പറ്റിവരുന്നുണ്ട്. 2024 ജൂൺ മാസംമുതൽ ഇവർക്കുള്ള പ്രതിമാസ ധനസഹായം 1600 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. ഉത്തരമലബാറിലെ ആചാരസ്ഥാനികർ, കോലധാരികൾ എന്നിവരുടെ 2024 ഒക്ടോബർ വരെയുള്ള ധനസഹായ വിതരണം പൂർത്തിയാക്കുകയയും 2025 മാർച്ച് മാസം വരെയുള്ള കാലയളവിലെ പ്രതിമാസ ധനസഹായ വിതരണം പൂർത്തിയാക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കാൻ മലബാർ ദേവസ്വം ബോർഡ് കമ്മീഷണറോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിൽ പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(6) നാട്ടികയിൽ റെസ്റ്റ് ഹൗസ് നിർമ്മാണം

ശ്രീ. സി. സി. മുകുന്ദൻ: നാട്ടിക ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പുറമ്പോക്ക് വസ്തുവിൽ റെസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): തീർഥാടന-ടൂറിസം കേന്ദ്രമായ തൃപ്രയാർ കേന്ദ്രീകരിച്ച് റെസ്റ്റ് ഹൗസ് പണിയുന്നതിനായി ബജറ്റിൽ 2 കോടി രൂപ അനുവദിച്ചിരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തുതന്നെ റെസ്റ്റ് ഹൗസ് പണിയണമെന്ന ആവശ്യമുയർന്നതിനെത്തുടർന്ന് നിർമ്മാണത്തിനായി സ്ഥലം തിരഞ്ഞെടുത്ത് ടോട്ടൽസ്റ്റേഷൻ സർവെ പൂർത്തിയാക്കി സ്കെച്ച് എറണാകുളം ആർക്കിടെക്ചർ വിഭാഗത്തിന് അയച്ചിട്ടുണ്ട്. സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും നിർദേശം നൽകിയിട്ടുണ്ട്. മറ്റ് നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതാണ്.

(7) കരമന-കളിയിക്കാവിള റോഡ് പൂർത്തീകരണം

ശ്രീ. എം. വിൻസെന്റ്: കരമന-കളിയിക്കാവിള റോഡിന്റെ നിർമ്മാണം അപാകതകൾ പരിഹരിച്ച് അടിയന്തരമായി പൂർത്തിയാക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കരമന-കളിയിക്കാവിള റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് രണ്ട് റീച്ചുകളുടെ ഭൂമിയേറ്റെടുക്കൽ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. ജങ്ഷൻ വികസനത്തിനുള്ള അന്തിമ ഡി.പി.ആർ. തയ്യാറാക്കിവരികയാണ്. റോഡിനിരുവശത്തുമുള്ള 356 ചമയങ്ങളുടെ വില നിർണ്ണയം നടത്തി നൽകാനും 195 കെട്ടിടങ്ങളുടെ ലാൻഡ് ട്രാൻസ്ഫർ പ്രവൃത്തികൾ പൂർത്തിയാക്കി അവ പൊളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും സ്ഥലമേറ്റെടുക്കുന്നതിനാവശ്യമായ 98 കോടി രൂപ അനുവദിക്കാനും കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത റോഡ് വികസനവുമായി ബന്ധപ്പെട്ട് വകുപ്പ് സെക്രട്ടറിയുടെയും ജനപ്രതിനിധികളുടെയും യോഗം വിളിക്കുകയും ഉരുത്തിരിഞ്ഞ നിർദേശങ്ങൾ കിഫ്ബിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമുണ്ടാകുന്ന മുറയ്ക്ക് സ്ഥലമേറ്റെടുപ്പ് പ്രവൃത്തികളിലേക്ക് കടക്കാനാകുമെന്ന വിവരം അറിയിക്കുകയാണ്.

(8) വടക്കഞ്ചേരി ശിവരാമ പാർക്ക് നവീകരണം

ശ്രീ. പി. പി. സുമോദ്: ശോച്യാവസ്ഥയിലായ വടക്കഞ്ചേരി ടൗണിലെ ശിവരാമ പാർക്കിന്റെ നവീകരണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വടക്കഞ്ചേരി ശിവരാമ പാർക്ക് ടൂറിസം കേന്ദ്രമാക്കി മാറ്റുന്ന പ്രവൃത്തിക്ക് 99,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രാദേശിക ടൂറിസം കേന്ദ്രങ്ങളെ കൂടുതൽ വികസിപ്പിക്കുകയെന്നതാണ് സർക്കാരിന്റെ നയം. പൊതുയിടങ്ങളിൽ കുട്ടികൾക്ക് കളിക്കാനും മുതിർന്നവർക്കുൾപ്പെടെ ഒത്തുകൂടാനും ആവശ്യമായ സൗകര്യമൊരുക്കുന്നതാണ്. ശിവരാമ പാർക്ക് നവീകരണ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(9) അകാലമരണം വർധിക്കുന്ന സാഹചര്യം

ശ്രീ. ടി. വി. ഇബ്രാഹിം: യുവജനങ്ങളുടെ അപ്രതീക്ഷിത മരണം വർധിക്കുന്ന സാഹചര്യം സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്താനും കാരണങ്ങൾ കണ്ടെത്തി യഥാസമയം ചികിത്സ ഉറപ്പുവരുത്താനും അടിയന്തര ഇടപെടലുണ്ടാകണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കോവിഡാനന്തരം ഹൃദയസംബന്ധമായ അസുഖങ്ങൾ വർധിച്ചിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനായി ആഗോളതലത്തിൽ പഠനങ്ങൾ നടക്കുന്നുണ്ട്. കേരളത്തിൽ ജീവിതശൈലീരോഗങ്ങൾ വർധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഹൃദയധമനികളുടെയും പേശികളുടെയും പ്രവർത്തനക്ഷമത കുറയുന്നതും കൊറോണറി ആർട്ടറി ഡിസീസുകളും യൗവനകാലത്തെ ആകസ്മിക മരണങ്ങൾക്ക് കാരണമാകുന്നു. കോവിഡ് വാക്സിനേഷന്റെ പാർശ്വഫലമായിട്ടാണ് ഇത്തരം മരണങ്ങൾ സംഭവിക്കുന്നതെന്നുള്ള പ്രചാരണങ്ങളുണ്ടെങ്കിലും ഇതുസംബന്ധിച്ച് ശാസ്ത്രീയമായ തെളിവുകളൊന്നുംതന്നെ ലഭ്യമായിട്ടില്ല. കോവിഡാനന്തര മരണനിരക്ക് കൂടുന്നതുസംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സമിതിയെ നിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## VI. റിപ്പോർട്ട് സമർപ്പണം

1. 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

2. 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.

## VII. നിർദേശം നമ്പർ 1 എ പ്രകാരമുള്ള പ്രസ്താവന

മന്ത്രിയുടെ തെറ്റായ പരാമർശം സംബന്ധിച്ച്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 10-02-2025-ന് ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ.-യുടെ സബ്മിഷന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതും കോട്ടയം നഗരസഭയിൽ ഗുരുതരമായ ക്രമക്കേട് നടന്നിട്ടുണ്ടെന്ന് വരുത്തിത്തീർക്കുന്ന തരത്തിലുള്ളതുമായിരുന്നു. ക്യാഷ് കൗണ്ടറിലെ കളക്ഷൻ തുക സാംഖ്യ സോഫ്റ്റ്‌വെയറിലേക്ക് മാറ്റിയപ്പോഴുണ്ടായ ക്ലറിക്കൽ പിശകുമാത്രമാണത്. അത് അന്നുതന്നെ കറക്ട് ചെയ്തിട്ടുണ്ട്. മന്ത്രി നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലുള്ള മറുപടി പറഞ്ഞത് ഖേദകരവും പ്രതിഷേധാർഹവുമാണ്. ഈ വിഷയം പ്രിവിലേജ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഗുരുതരമായ ഈ പ്രശ്നത്തെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ലഘൂകരിച്ചിരിക്കുകയാണ്. ക്ലറിക്കൽ പിശകല്ല കോട്ടയം

നഗരസഭയിലുണ്ടായിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നിർദ്ദേശപ്രകാരം ഫിനാൻസ് മാനേജ്മെന്റ് ആൻഡ് ഇൻസ്പെക്ഷൻ വിഭാഗം 2025 ഫെബ്രുവരി 4 മുതൽ 7 വരെ നടത്തിയ പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ തുടർപരിശോധനയ്ക്ക് ചുമതലപ്പെടുത്തിയിട്ടുള്ള അന്വേഷണ സംഘത്തിന്റെ അന്തിമ റിപ്പോർട്ട് ലഭിച്ചാലുടൻ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച വിഷയത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വിശദീകരണം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രിവിലേജ് പ്രശ്നങ്ങളൊന്നും ഉണ്ടായിട്ടില്ല. പ്രിവിലേജ് പ്രശ്നമായി ഉന്നയിക്കണമെങ്കിൽ പ്രത്യേക നോട്ടീസ് നൽകേണ്ടതാണ്.

## VIII. നിയമനിർമ്മാണകാര്യം

1. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും

i) 2025-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് സഭ പരിഗണിക്കാനിരിക്കുന്ന 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ-ന്റെ ഇംഗ്ലീഷ് പരിഭാഷ തയ്യാറാക്കി യഥാസമയം അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ 2025 ഫെബ്രുവരി 13-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശ സമിതിയുടെ പതിനാറാമത് റിപ്പോർട്ടിലെ ശിപാർശകൾ സഭയുടെ അനുമതിയോടെ ഭാഗീകമായി ഭേദഗതി ചെയ്തുകൊണ്ട് പ്രസ്തുത ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും ഇന്നത്തെ കാര്യവിവരപ്പട്ടികയിൽനിന്നും ഒഴിവാക്കുന്നു. ടി ബിൽ 2025 മാർച്ച് 20-ാം തീയതി നിലവിൽ തീരുമാനിക്കപ്പെട്ട ബിസിനസ്സുകൾക്കുശേഷം സഭ പരിഗണിക്കുന്നതാണ്. ബില്ലിന്റെ അവതരണത്തോടനുബന്ധിച്ച് നിലവിൽ അംഗങ്ങൾ നൽകിയിട്ടുള്ള ഭേദഗതി നോട്ടീസുകൾ മാറ്റങ്ങളൊന്നുമില്ലാതെ അന്നേ ദിവസം പരിഗണനയ്ക്കെടുക്കാവുന്നതാണ്.

ii) 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ
iii) 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2025-ലെ കേരള

സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ എന്നിവ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

**ക്രമപ്രശ്നം**

ബില്ലിലെ അപാകതകൾ സംബന്ധിച്ച്

ശ്രീ. മാത്യു ടി. തോമസ്: നിയമം ഭേദഗതി ചെയ്യാനുള്ള അവകാശം മൂലനിയമം പാസ്സാക്കുന്ന നിയമനിർമ്മാണ സഭയ്ക്കുണ്ടായിരിക്കെ സർക്കാരിന് വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്പോൺസറിങ് ബോഡി നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെടുന്ന പക്ഷം സംസ്ഥാന നിയമസഭ പാസ്സാക്കുന്ന ഒരു നിയമം മുഖേന സർവകലാശാലയുടെ പേര്, സ്ഥാനം, മറ്റ് വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുത്തി ഈ ആക്റ്റിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക ഭേദഗതി ചെയ്തുകൊണ്ട് ഒരു സർവകലാശാല സ്ഥാപിക്കാവുന്നതാണ് എന്ന 8-ാം വകുപ്പ് ഇപ്പോൾ പാസ്സാക്കുന്ന നിയമം സമ്പൂർണ്ണമല്ലെന്ന സൂചന നൽകുന്നതും ബില്ലിന്റെ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്താൻ രൂപപ്പെടുത്തിയിരിക്കുന്ന പട്ടിക ബ്ലാങ്കാക്കിവച്ചുകൊണ്ട് നിയമം പാസ്സാക്കുന്നതും ക്രമവിരുദ്ധമാണ്.

ശ്രീ. യു. എ. ലത്തീഫ്: ആക്റ്റിലെ 14-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം അക്കാദമിക് ക്വാളിഫിക്കേഷനില്ലാത്ത വ്യവസായി, കലാകാരൻമാർ എന്നിവരെ

സർവകലാശാലയുടെ ചാൻസലറായി നിയമിക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിച്ചും ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുമെന്നും പറഞ്ഞിരിക്കുന്നത് സംസ്ഥാനത്തെ നിലവിലുള്ള സർവകലാശാലകളുടെ തകർച്ചയ്ക്ക് കാരണമാകുമെന്നതിനാലും സ്വകാര്യ സർവകലാശാലകൾ മൾട്ടിഡിസിപ്ലിനറി സ്ഥാപനങ്ങളായതിനാൽ ഭരണഘടനയുടെ ആർട്ടിക്കിൾ 15(5)-ന് വിധേയമായി സംവരണതത്വങ്ങൾ പാലിച്ചുകൊണ്ട് എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും അഡ്മിഷൻ നൽകാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കപ്പെടുമെന്നതിനാലും ബില്ലിന്റെ അവതരണം ക്രമവിരുദ്ധമാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ആക്ടിലെ വകുപ്പ് 12 (2) പ്രകാരം നാൽപ്പത് ശതമാനം സീറ്റ് സംസ്ഥാനത്ത് സ്ഥിരതാമസമാക്കിയവർക്ക് സംവരണം ചെയ്യുന്നതിനാലും വകുപ്പ് 59 (3) പ്രകാരം രൂപീകരിക്കുന്ന റെഗുലേറ്ററി ബോഡി നിർമ്മിക്കുന്ന ചട്ടങ്ങൾ നിയമസഭയിൽ കൊണ്ടുവന്ന് അംഗീകരിക്കാൻ നിയമപരമായി കഴിയാത്ത സാഹചര്യം സൃഷ്ടിക്കപ്പെടുമെന്നതിനാലും ബില്ലിന്റെ അവതരണം ക്രമപ്രകാരമല്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുന്ന എയ്ഡഡ് കോളേജ് അധ്യാപകർ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ബില്ലിന്റെ ഭാഗമാക്കുന്നത് ക്രമവിരുദ്ധമാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർക്കാർ തീരുമാനപ്രകാരമുള്ള നിബന്ധന സ്പോൺസറിങ് ബോഡി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷമാണ് ബില്ലിന്റെ 8-ാം വകുപ്പുപ്രകാരമുള്ള നടപടിക്രമങ്ങളിലൂടെ സ്വകാര്യ സർവകലാശാല സ്ഥാപിക്കുന്നത്. 1956-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്റ്റിലെ ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് അനുസൃതമായിട്ടായിരിക്കണം സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കേണ്ടതെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന പട്ടിക ഭേദഗതി ചെയ്യുന്നതിന് നിയമനിർമ്മാണം ആവശ്യമാണ്. ബില്ലിൽ പ്രോ ചാൻസലറുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമായി നിർവചിച്ചിരിക്കുന്നതിനാൽ സർവകലാശാലകളുടെ കാര്യക്ഷമത വർധിപ്പിക്കാൻ കഴിയുന്നതാണ്. ഗവേഷണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കാനായി സർവകലാശാലകളിൽ ഗവേഷണ കൗൺസിൽ രൂപീകരിക്കാനും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സ്ഥിരതാമസക്കാരായ വിദ്യാർത്ഥികൾക്ക് സ്വകാര്യ സർവകലാശാലകളിൽ 40 ശതമാനം സീറ്റുകൾ സംവരണം ചെയ്യുന്നതിലൂടെ സംസ്ഥാനത്തെ സർവകലാശാലകളിൽ പഠിക്കുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുന്നതിനും വിദേശ

രാജ്യങ്ങളിലേക്കുള്ള വിദ്യാർഥികളുടെ ഒഴുക്ക് നിയന്ത്രിക്കുന്നതിനും സഹായകരമാകും. ബില്ലിലെ 30-ാം വകുപ്പുപ്രകാരം വിദ്യാർഥികളുടെ അവകാശങ്ങൾ സ്റ്റാറ്റ്യൂട്ട് മുഖേന ഉറപ്പാക്കാനാണുദ്ദേശിക്കുന്നത്. ബില്ലിലെ 59-ാം വകുപ്പുപ്രകാരം സർക്കാർ രൂപീകരിക്കുന്ന റെഗുലേറ്ററി ബോഡി പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും നിയമസഭയിൽ സമർപ്പിക്കേണ്ടതുമാണ്. സുപ്രീം കോടതി സ്റ്റേ ചെയ്തിരിക്കുന്നത് സ്കൂൾ അധ്യാപകരെ സംബന്ധിച്ചുള്ള വിഷയമായതിനാൽ ഈ ബിൽ കൊണ്ടുവരുന്നതിന് തടസ്സമില്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സ്വകാര്യ സർവകലാശാലകൾ ആരംഭിക്കുന്ന സമയത്ത് ഓരോന്നിനും ഓരോ നിയമം ആയിരുന്നു. വ്യവസ്ഥകൾക്കനുസൃതമായി അർഹതയുള്ളവയെ ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയാണ് നിയമനിർമ്മാണം ആവശ്യമായി വന്നത്.

**റൂളിങ്**

2025-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ, 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ എന്നിവയിലെ അപാകതകൾ

മി. സ്പീക്കർ: 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബില്ലിൽ

ഉൾപ്പെടുത്തിയിരിക്കുന്ന പട്ടികയിലെ അപാകം, കരട് ചട്ടങ്ങൾ നിയമസഭയ്ക്ക് സമർപ്പിക്കണമെന്ന ബില്ലിലെ വ്യവസ്ഥകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ വിശദമായ പരിഗണനാവേളയിൽ പരിഹരിക്കപ്പെടുമെന്നാണ് കരുതുന്നത്. ഈ ബിൽ സഭയിൽ അവതരിപ്പിക്കുന്നതിനോ തുടർനടപടി സ്വീകരിക്കുന്നതിനോ നിയമ തടസ്സങ്ങളുള്ളതായി ബോധ്യപ്പെടാത്ത സാഹചര്യത്തിൽ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2025-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ, 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ എന്നിവ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(നിയമനിർമ്മാണകാര്യം - തുടരും)

## IX. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

## താമരശ്ശേരിയിലെ പത്താം ക്ലാസ് വിദ്യാർഥി ഷഹബാസിന്റെ കൊലപാതകം

ശ്രീ. രമേശ് ചെന്നിത്തല: നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. രമേശ് ചെന്നിത്തല: പത്താം ക്ലാസിലെ ഒരുകൂട്ടം വിദ്യാർഥികൾ സഹപാഠിയായ ഷഹബാസിനെ ആസൂത്രിതമായി മർദ്ദിച്ചുകൊന്ന സംഭവം കേരള മനഃസാക്ഷിയെ ഞെട്ടിക്കുന്നതാണ്. ലഹരിക്കടിമപ്പെട്ട് നടത്തുന്ന സമാന അക്രമങ്ങൾ സംസ്ഥാനത്തുടനീളം വ്യാപകമായിരിക്കുകയാണ്. രാസലഹരിയിൽ മൂല്യബോധം നഷ്ടപ്പെടുന്ന കേരളത്തിന്റെ ഭാവിതലമുറ ഏതുതരത്തിലുള്ള ക്രൂരതകളും മടിയില്ലാതെയാണ് ചെയ്യുന്നത്. കേരള സമൂഹം ഒറ്റക്കെട്ടായിനിന്ന് ഈ വിപത്തിനെ നേരിടേണ്ടതുണ്ട്. കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ ലഹരി വ്യാപനം നിയന്ത്രിക്കാനോ അതിനെതിരെയുള്ള പോരാട്ടം ശക്തിപ്പെടുത്താനോ സർക്കാരിന് സാധിച്ചിട്ടില്ല. 'വിമുക്തി' പദ്ധതിക്ക് ജില്ലാതല കോ-ഓർഡിനേറ്റർമാരെയോ വാഹനങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളോ ഏർപ്പെടുത്തിയിട്ടില്ല. മദ്യനയത്തിൽ ഇളവുകൾ കൊണ്ടുവന്ന് മദ്യത്തിന്റെ

ലഭ്യത വർധിപ്പിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ലഹരി വ്യാപനവും ലഹരിക്കടിമയായി നടത്തുന്ന കൂട്ടക്കൊലപാതകങ്ങളും തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്.

ശ്രീ. കെ. വി. സുമേഷ്: ലഹരിമാഫിയകൾക്കെതിരെ ശക്തമായ നിലപാടുകളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. സിനിമ, സാഹിത്യം, മാധ്യമം തുടങ്ങി സമസ്ത മേഖലകളിലുമുള്ളവർ ലഹരിക്കെതിരെ പ്രവർത്തിക്കാൻ മുന്നോട്ടുവരണം. വിദ്യാർഥികളെ ലഹരി വസ്തുക്കളുടെ കാരിയറുകളാക്കുന്നതിനെ ചെറുക്കാൻ കൂട്ടായ ശ്രമം നടത്തണം. മത-സാമുദായിക, വിദ്യാർഥി-രാഷ്ട്രീയ സംഘടനകളെ ഉപയോഗപ്പെടുത്തി ലഹരിവ്യാപനത്തെ പ്രതിരോധിക്കാൻ സമഗ്രമായ ഇടപെടൽ നടത്തണം. ലഹരിയെന്ന മഹാവിപത്തിൽനിന്ന് പുതുതലമുറയെ രക്ഷപ്പെടുത്താനുള്ള സർക്കാരിന്റെ പരിശ്രമങ്ങൾക്ക് എല്ലാവിധ പിന്തുണയും നൽകുന്നതാണ്.

ശ്രീ. റോജി എം. ജോൺ: ലഹരിവ്യാപനം സംബന്ധിച്ച് നിരന്തരം ചർച്ച ചെയ്യുന്നതല്ലാതെ ഇത് തടയുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് ക്രിയാത്മകമായ യാതൊരു നടപടിയുമുണ്ടാകുന്നില്ല. സംസ്ഥാനത്ത് അടുത്തിടെയുണ്ടായ കുറ്റകൃത്യങ്ങളിൽ 20 ശതമാനം ലഹരിയുമായി ബന്ധപ്പെട്ടതാണെന്ന റിപ്പോർട്ട് അതീവ ഗൗരവതരമാണ്. ലഹരി

വിപണനം നടത്തുന്ന മാഫിയകളെ പിടികൂടാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് സർക്കാർ വ്യക്തമാക്കണം. ആവശ്യത്തിന് ഉദ്യോഗസ്ഥരില്ലാത്തതിനാൽ 'വിമുക്തി' മുഖാന്തരം ഫലപ്രദമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നില്ല. കേരളത്തെ കാർന്നുതിന്നുന്ന ഈ മഹാവിപത്തിനെ നേരിടാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടികളുണ്ടാകാത്തത് പ്രതിഷേധാർഹമാണ്.

ശ്രീ. ഇ. കെ. വിജയൻ: സമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന ഗുരുതരമായ പ്രശ്നം ചർച്ച ചെയ്യാൻ തയ്യാറായ സർക്കാർ നടപടി അഭിനന്ദനാർഹമാണ്. പുതുതലമുറയെ കുടുംബവും സമൂഹവുമായി യോജിപ്പിച്ചുകൊണ്ടുപോകുന്നതിന് ശാസ്ത്രീയ പഠനം അനിവാര്യമാണ്. ലഹരിവസ്തുക്കൾ സ്കൂൾ/കോളേജ് ക്യാമ്പസുകളിൽ വിതരണം ചെയ്യുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. രക്ഷിതാക്കൾക്ക് കുട്ടികളുടെ ദൈനംദിന കാര്യങ്ങളിൽ ശ്രദ്ധിക്കാനും അവരുമായി ആശയവിനിമയം നടത്താനും കഴിയാത്ത സാഹചര്യത്തിന് മാറ്റം വരേണ്ടതുണ്ട്. വിദ്യാർത്ഥി-യുവജന-മതസംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിവർ നടത്തുന്ന യോഗങ്ങളിൽ ലഹരിക്കെതിരെ ബോധവൽക്കരണം നടത്തണം.

ഡോ. എം. കെ. മുനീർ: ഷഹബാസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ പ്രതിയുടെ പിതാവിന്റെ അലമാരയിൽനിന്നും നഞ്ചക്ക് എന്ന ആയുധം കണ്ടെത്തിയിട്ടും അയാൾക്കെതിരെ പോലീസ് കേസെടുക്കാത്തത് ദൗർഭാഗ്യകരമാണ്. ലഹരിക്കടിമപ്പെട്ട് യുവതലമുറ നടത്തുന്ന അക്രമങ്ങൾ വർധിച്ചുവരികയാണ്. പുതിയതായി മദ്യഷാപ്പും ബ്രൂവറിയും ആരംഭിക്കാനുള്ള സർക്കാർ നടപടി പ്രതിഷേധാർഹമാണ്. മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി ഉപയോഗത്തിൽനിന്നും സമൂഹത്തെ രക്ഷിക്കാനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് പ്രതിപക്ഷത്തിന്റെ പിന്തുണയുണ്ടാകും.

ശ്രീ. പ്രമോദ് നാരായൺ: ഡിജിറ്റൽ അടിമത്വത്തിൽ അകപ്പെടുന്ന കുട്ടികളുടെ അക്ഷമയാണ് അവരെ അക്രമത്തിലേക്ക് നയിക്കുന്നതെന്നത് വസ്തുതയാണ്. സ്കൂളുകളിൽനിന്നും രാഷ്ട്രീയം നിരോധിച്ചത് അക്രമത്തിന്റെയും ലഹരി ഉപയോഗത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കാനിടയാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിദ്യാലയവും വീടും സമൂഹവും ഉൾക്കൊള്ളുന്ന ഒരു ബൃഹത് പദ്ധതിക്ക് രൂപം നൽകണം. കുട്ടികളെ സ്വാധീനിക്കുന്ന ഘടകങ്ങളെക്കുറിച്ച് പഠിക്കാൻ സർവെ നടത്താനും ലഹരി ഉപയോഗം, അക്രമവാസന എന്നിവയെ

നേരിടാനുള്ള ലൈഫ് സ്കിൽസ് സിലബസിലുൾപ്പെടുത്താനും നടപടി സ്വീകരിക്കണം. കലാ-കായിക മത്സരങ്ങൾക്കുള്ള വേദികൾ വർധിപ്പിക്കുകയും ലഹരി ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുകവഴി കുട്ടികൾക്കിടയിൽ അവബോധം സൃഷ്ടിക്കുകയും ചെയ്യണം.

<u>ശ്രീ. ലിന്റോ ജോസഫ്</u>: കുട്ടികളിൽ അക്രമവാസനയുണ്ടാക്കുന്ന തരത്തിലുള്ള സിനിമകൾ പരിശോധിച്ച് സെൻസർ ബോർഡ് നിയന്ത്രണമേർപ്പെടുത്തണം. കുട്ടികളിൽ ധാർമ്മികത വളർത്താനാവശ്യമായ പദ്ധതികൾക്ക് രൂപം നൽകണം. സ്കൂളുകളിൽ വിദ്യാർഥി രാഷ്ട്രീയത്തിന് ഏർപ്പെടുത്തിയ നിയന്ത്രണം റാഗിങ് വർധിക്കാനിടയാക്കിയിട്ടുണ്ട്. കുട്ടികളെ ഇടനിലക്കാരാക്കുന്ന ലഹരിസംഘങ്ങളെ ശിക്ഷിക്കുകയും നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്റ്റിൽ കാതലായ മാറ്റങ്ങൾ വരുത്തുകയും ചെയ്യണം. സംസ്ഥാനം നേരിടുന്ന ഈ പ്രതിസന്ധി മറികടക്കാൻ ജനകീയമായ പ്രതിരോധമേർപ്പെടുത്തണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: താമരശ്ശേരിയിലെ പത്താം ക്ലാസ് വിദ്യാർഥി കൊല്ലപ്പെടാനിടയായ സംഭവത്തിലെ കുറ്റവാളികൾക്കെതിരെ കർശന നടപടി സ്വീകരിച്ചില്ലെങ്കിൽ കുറ്റകൃത്യങ്ങൾ ആവർത്തിക്കപ്പെടുന്ന

സാഹചര്യമുണ്ടാകും. സാങ്കേതികവിദ്യയും എ.ഐ. സാധ്യതകളും ആർജിക്കാൻ ശ്രമിക്കുന്നതിനോടൊപ്പം മൂല്യബോധവും ധാർമ്മികതയുമുള്ള യുവ തലമുറയെ വീണ്ടെടുക്കാനായി സർക്കാർ നടത്തുന്ന ശ്രമങ്ങൾക്ക് പ്രതിപക്ഷം പൂർണ്ണ പിന്തുണ നൽകുന്നതാണ്.

ശ്രീമതി ശാന്തകുമാരി കെ.: കുട്ടികളിലുണ്ടാകുന്ന അക്രമവാസനയ്ക്ക് സമൂഹത്തിനും ഭരണകൂടത്തിനും വിദ്യാഭ്യാസ മേഖലയ്ക്കും വലിയ പങ്കുണ്ട്. പരമ്പരാഗത കൂട്ടുകുടുംബ വ്യവസ്ഥ ഇല്ലാതാകുകയും അണുകുടുംബ വ്യവസ്ഥയിൽ മാതാപിതാക്കൾക്ക് കുട്ടികളുമായി സംവദിക്കാനോ അടുത്തിടപഴകാനോ സമയമില്ലാതാകുകയും സിനിമകൾ, മൊബൈൽ ഫോൺ, ഇന്റർനെറ്റ്, മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ അമിത ഉപയോഗംമൂലം കുട്ടികൾ അക്രമസ്വഭാവമുള്ളവരായി മാറുകയും ചെയ്യുന്നതിലെ സോഷ്യൽ-സൈക്കോളജിക്കൽ വശം വിലയിരുത്തപ്പെടണം. കുട്ടികൾക്കിടയിൽ പുതിയ സംസ്കാരം വളർത്തിയെടുക്കാനുള്ള ബോധപൂർവ്വമായ ഇടപെടൽ നടത്താനും ധാർമ്മിക ബോധം വളർത്തുന്നതിനുതകുന്ന വിദ്യാഭ്യാസ രീതി പരിശീലിപ്പിക്കാനും നടപടി സ്വീകരിക്കണം. വിദ്യാർഥികൾക്ക് അവരുടേതായ കാര്യങ്ങൾ സംവദിക്കാനുള്ള പൊതു ഇടങ്ങൾ ഉണ്ടാകണം. കുറ്റവാളികളെ സമൂഹത്തിൽ

ഒറ്റപ്പെടുത്താതെ കൗൺസലിങ്, അക്കാദമിക് അസിസ്റ്റൻസ് എന്നിവ നൽകിക്കൊണ്ട് മുന്നോട്ടുകൊണ്ടുവരാൻ കഴിയണം. ലൈഫ് സ്കിൽ എഡ്യൂക്കേഷൻ ലഭ്യമാക്കാൻ കഴിയണം. പ്രതിസന്ധികളെ തരണം ചെയ്യുന്നതിനും ആശയവിനിമയം നടത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കണം. യുവജനങ്ങളെ കേന്ദ്രീകരിച്ച് സ്കിൽ പ്രൊമോട്ട് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംഘടനാ പ്രവർത്തനങ്ങൾ സജീവമാക്കണം. സാമൂഹ്യ പ്രതിബദ്ധത സംബന്ധിച്ച വിഷയങ്ങൾ സിലബസുകളിൽ ഉൾപ്പെടുത്താനും വിദ്യാർഥികൾക്ക് കായിക വിനോദങ്ങളിലും യോഗ പോലുള്ളവയിലും പരിശീലനം നൽകാനും സാധിക്കണം. 18 വയസ്സിനുതാഴെയുള്ള കുട്ടികളുടെ മൊബൈൽ ഫോണിൽ ലഭിക്കാവുന്ന വിവരങ്ങളിൽ നിയന്ത്രണമേർപ്പെടുത്താൻ കഴിയണം. ലഹരി മാഫിയക്കെതിരെ ശക്തമായി ഇടപെട്ടുകൊണ്ട് ആഘോഷ വേളകളിലെ രാസലഹരിയുടെ ഉപയോഗം നിയന്ത്രിക്കണം.

ശ്രീ. അനൂപ് ജേക്കബ്: ലഹരി ഉപഭോഗം വൻതോതിൽ വർധിച്ചുവരുന്നതായും കേരളത്തിൽ നടക്കുന്ന കൊലപാതകങ്ങളിൽ ഭൂരിഭാഗവും ലഹരി ഉപയോഗംമൂലമാണ് നടക്കുന്നതെന്നുമാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ലഹരിയുടെ ഉപഭോഗം കുറയ്ക്കുന്നതിനുതകുന്ന തരത്തിലുള്ള

ശക്തമായ നടപടികൾ സ്വീകരിക്കാനും ഉറവിടം കണ്ടെത്തി നശിപ്പിക്കാനും കഴിയണം. വിദ്യാർഥികളിൽ ലഹരി ഉപയോഗം വർധിക്കുന്നതിന്റെ ഫലമായി ആയുർദൈർഘ്യം കുറഞ്ഞുവരുന്നത് ഒരു സാമൂഹ്യ പ്രശ്നമായി മാറിയിരിക്കുകയാണ്. റാഗിങ് പോലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കണം. സിനിമ-സീരിയൽ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് സാമൂഹ്യ പ്രതിബദ്ധതയുണ്ടാകണം. വ്യാപകമായിക്കൊണ്ടിരിക്കുന്ന ഓൺലൈൻ ബ്ലേഡ് കമ്പനികളും മയക്കുമരുന്ന് റാക്കറ്റുകളുടെ പിന്നിൽ പ്രവർത്തിക്കുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശക്തമായ ഇടപെടലുകളുണ്ടാകണം.

ശ്രീ. തോമസ് കെ. തോമസ്: കുട്ടികളിലെ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി കൗൺസലിങ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. ലഹരിക്കെതിരെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ യോജിച്ച് പ്രവർത്തിക്കണം. മദ്യം-മയക്കുമരുന്ന് എന്നിവയ്ക്ക് അടിമപ്പെടാതെ വിദ്യാർഥികളെ നേർവഴിക്ക് നയിക്കുന്നതിനുതകുന്ന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ മുൻകൈയെടുക്കണം. സ്കൂളുകളിൽ

പി.ടി.എ.-യുടെ സഹായത്തോടെ ലഹരിക്കെതിരായ ബോധവൽക്കരണം നടത്തുകയും കല, സാംസ്കാരിക രംഗങ്ങളിൽ അഭിരുചി വളർത്തുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ഡോ. കെ. ടി. ജലീൽ: മയക്കുമരുന്ന് ഉപയോഗം നാടിന്റെ സാമൂഹ്യപ്രശ്നമാണെന്നും വലിയ വിപത്താണെന്നും മനസ്സിലാക്കി ഈ വിഷയം ചർച്ചയ്ക്കെടുത്ത സർക്കാരിനെ അഭിനന്ദിക്കുന്നു. പുതുതലമുറയിലെ കുട്ടികൾക്കിടയിൽ വർധിച്ചുവരുന്ന ലഹരി ഉപയോഗം തടയാൻ സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളും ഒരുമിച്ചുനിന്ന് പ്രവർത്തിക്കണം. മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കളുടെ ഉപയോഗം കുട്ടികളിൽ അക്രമം, കുറ്റകൃത്യം തുടങ്ങിയ അപകടകരമായ പെരുമാറ്റങ്ങൾക്ക് കാരണമാകുന്നുണ്ട്. ഓൺലൈൻ ഗെയിമുകൾ, വയലൻസിനെ പ്രോത്സാഹിപ്പിക്കുന്ന സിനിമകൾ എന്നിവ കുട്ടികളിൽ ക്രിമിനൽ സ്വഭാവം വളർത്തുന്നതിനിടയാക്കുന്നുണ്ട്. സിഗരറ്റ്, പുകയില, മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്ന രക്ഷിതാക്കളും അധ്യാപകരും നാടിന്റെ പ്രശ്നമായി മാറിക്കൊണ്ടിരിക്കുന്നു. ലൈസൻസില്ലാത്ത കുട്ടികൾക്ക് ഇരുചക്ര വാഹനങ്ങൾ വാങ്ങിക്കൊടുക്കുന്ന രക്ഷിതാക്കളും സാമൂഹ്യ പ്രശ്നത്തിന് ഒരളവുവരെ ഉത്തരവാദികളാണ്. ലഹരിക്കും വിദ്യാർഥികൾ

തമ്മിലുള്ള സംഘർഷങ്ങൾക്കുമെതിരെ കക്ഷി രാഷ്ട്രീയത്തിനതീതമായി ഒരുമിച്ചുനിന്ന് പ്രവർത്തിക്കണം. കുട്ടികളിലെ ലഹരി ഉപയോഗത്തിന്റെ അപകടസാധ്യതകളെക്കുറിച്ച് രക്ഷിതാക്കൾ, അധ്യാപകർ, സാമൂഹിക പ്രവർത്തകർ എന്നിവർക്ക് ബോധവൽക്കരണം നൽകണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സംസ്ഥാനത്ത് നടക്കുന്ന അക്രമ സംഭവ വികാസങ്ങളിൽ ജനങ്ങളാകെ ഭീതിയിലും ഉൽക്കണ്ഠയിലുമാണ്. പുതുതലമുറയിൽ വർധിച്ചുവരുന്ന ലഹരി ഉപയോഗം തടയുന്നതിനായി സതേൺ, നോർത്തേൺ റീജിയണുകളായി തിരിച്ച് ഐ.ജി.-മാരുടെ നേതൃത്വത്തിൽ നിരീക്ഷിക്കാനും പിടിക്കപ്പെടുന്ന കേസുകളുടെ സോഴ്സ് കണ്ടുപിടിച്ച് സംസ്ഥാനത്തേക്കുള്ള മയക്കുമരുന്ന് വ്യാപനം തടയാനും നടപടി സ്വീകരിക്കണം. സംസ്ഥാനത്തേക്ക് ലഹരി എത്തിക്കുന്ന മാഫിയകളുടെ പ്രവർത്തനം നിരീക്ഷിക്കേണ്ടതും അനിവാര്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്. ഏത് തരത്തിലുള്ള കുറ്റകൃത്യങ്ങൾ നടത്തിയാലും തങ്ങളെ അത് ബാധിക്കില്ല എന്നുള്ള മനോഭാവമാണ് കുട്ടികൾക്കുള്ളത്. അതുകൊണ്ട് കുട്ടികളിലുണ്ടാകുന്ന മാറ്റങ്ങൾ നിരീക്ഷിക്കത്തക്ക വിധത്തിൽ വിദ്യാഭ്യാസ സമ്പ്രദായത്തിൽ മാറ്റം കൊണ്ടുവരേണ്ടതുണ്ട്. ഇതുപോലെയുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ

അധികാരികൾ ഭയംകൊണ്ട് അതിനെതിരെ പ്രതികരിക്കാനോ പോലീസിനെ അറിയിക്കാനോ തയ്യാറാകുന്നില്ല. ഇത്തരം സംഭവങ്ങൾക്കെതിരെ സ്കൂൾ/കോളേജ് തലങ്ങളിൽ ശക്തമായ പരിശോധനയും നടപടിയുമുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2025 ഫെബ്രുവരി 22 മുതൽ മാർച്ച് 1 വരെ മയക്കുമരുന്ന് സംഭരണത്തിലും വിതരണത്തിലും ഏർപ്പെട്ടിരിക്കുന്നവരെ കണ്ടെത്തുന്നതിനായി നടത്തിയ 'ഡീഹണ്ട്' എന്ന പ്രത്യേക ഡ്രൈവിന്റെ ഭാഗമായി 17246 പേരെ പരിശോധിക്കുകയും വിവിധതരത്തിലുള്ള മയക്കുമരുന്ന് കൈവശം വച്ചതിന് 2,854 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് മയക്കുമരുന്ന് സംബന്ധിച്ച രഹസ്യ വിവരങ്ങൾ അറിയിക്കാൻ സാധിക്കുന്ന വിധത്തിൽ എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ആന്റി നാർക്കോട്ടിക് കൺട്രോൾ റൂം സംസ്ഥാനത്ത് നിലവിലുണ്ട്. 2021 മേയ് മുതൽ 2024 ഡിസംബർ 31 വരെ 87,702 കേസുകൾ രജിസ്റ്റർ ചെയ്യുകയും 94,886 പേരെ പ്രതി ചേർക്കുകയും 93,599 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ലഹരി വസ്തുക്കളുടെ യഥാർഥ ഉറവിടം കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തിവരുന്നതിന്റെ ഭാഗമായി വൻകിട

മയക്കുമരുന്ന് നിർമ്മാണശാല നടത്തുന്ന ഹൈദരാബാദ് സ്വദേശിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മയക്കുമരുന്ന് ശൃംഖലയ്ക്കെതിരെ സംസ്ഥാനത്തെ എൻഫോഴ്സ്മെന്റ് ഏജൻസികൾ നടത്തുന്ന പ്രവർത്തനം ശ്ലാഘനീയമാണ്. 'വിമുക്തി ഡീ-അഡിക്ഷൻ' പരിപാടിയുടെ ഭാഗമായി 136,500 പേരെ ഔട്ട്പേഷ്യന്റായും 11,078 പേരെ ഇൻപേഷ്യന്റായും ചികിത്സിക്കാൻ കഴിഞ്ഞിട്ടുണ്ട്. എക്സൈസ് വകുപ്പിനാവശ്യമായ വാഹനങ്ങൾ, എക്സൈസ് ഇൻസ്പെക്ടർ ഉൾപ്പെടെയുള്ള മേലുദ്യോഗസ്ഥർക്ക് ആവശ്യമായ ആയുധങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ ആധുനികവൽക്കരിക്കുന്നതിന് സി.സി.ടി.വി., സെൻട്രലൈസ്ഡ് മോണിറ്ററിങ് സിസ്റ്റം എന്നിവ ഏർപ്പെടുത്തുകയും സൈബർ സെൽ നവീകരിക്കുന്നതിന് സി.ഡി.ആർ. അനലൈസറും മൊബൈൽ ഫോറൻസിക് സോഫ്റ്റ്വെയറും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ലഹരി ഉപയോഗം തടയുന്നതിനുള്ള നടപടികളിൽ സർക്കാർ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ല. കോളേജുകളിൽ ശക്തമായ ആന്റി റാഗിങ് നടപടികൾ സ്വീകരിക്കും. മയക്കുമരുന്ന് വിതരണവുമായി ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുട്ടികളിൽ വർധിച്ചുവരുന്ന അക്രമോത്സുകത നേരിടുന്നത് സംബന്ധിച്ച്

വിശദമായ ഒരു അവലോകനം നടത്തേണ്ടതാണ്. ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് സമീപകാലങ്ങളിലുണ്ടായ സംഭവങ്ങൾ സർക്കാർ വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. കുട്ടികൾക്കിടയിലുണ്ടാകുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിന് ഫലപ്രദമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. കുട്ടികളിലെ ഡിജിറ്റൽ അഡിക്ഷൻ തടയുന്നതിന് രക്ഷാകർത്താക്കളെയും ബോധവൽക്കരിക്കേണ്ടതുണ്ട്. സീരിയലുകളിലെയും സിനിമകളിലെയും അക്രമത്തിന്റെ ആധിക്യം സംബന്ധിച്ച് സെൻസർ ബോർഡ് പരിശോധിക്കേണ്ടതാണ്. ജീവിതമൂല്യങ്ങൾ പകർന്നുനൽകാനുതകുന്ന കവിതകളും സാഹിത്യകൃതികളും സ്കൂൾ/കോളേജ് സിലബസിന്റെ ഭാഗമാക്കുകയും അറിവുള്ളവർക്കൊപ്പം കനിവുള്ളവരായി പുതുതലമുറയെ വാർത്തെടുക്കുകയും പ്രകൃതിയുമായി ചേർന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുകയും വേണം. സർക്കാരും സമൂഹവും ഒന്നായി നിന്നുകൊണ്ട് മയക്കുമരുന്ന് എന്ന മാരക വിപത്തിനെ തുടച്ചുനീക്കണം. സർക്കാർ സ്വീകരിക്കുന്ന നടപടികളിൽ വീഴ്ചകളുണ്ടെങ്കിൽ തിരുത്തുന്നതിന് സന്നദ്ധമാണ്. സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളെയും വിദ്യാലയങ്ങളെയും ഉൾപ്പെടുത്തി മയക്കുമരുന്നിനെതിരെ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതോടൊപ്പം പോലീസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ,

അധ്യാപക-രക്ഷാകർത്തൃ സമിതി, തദ്ദേശഭരണ പ്രതിനിധികൾ തുടങ്ങിയവരുൾപ്പെട്ട സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളും രൂപീകരിക്കേണ്ടതുണ്ട്. ഈ വിഷയം മുൻനിർത്തി ജനവാസ മേഖലകളിൽ ഓരോ മാസവും പോലീസും റെസിഡന്റ്സ് അസോസിയേഷനുകളും സംയുക്തമായി യോഗം ചേരണം. സ്കൂളുകളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം ശക്തിപ്പെടുത്തണം. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും സ്വാധീനമില്ലാതെ നടത്തുന്ന കൊലപാതകങ്ങൾ സംബന്ധിച്ച് പ്രത്യേകം പഠനം നടത്തുകയും സാമൂഹ്യബോധവും രാഷ്ട്രീയ സാക്ഷരതയുമുള്ള പുതുതലമുറയെ വാർത്തെടുക്കുന്നതിനായി ക്യാമ്പസുകളിൽ സാമൂഹിക പ്രശ്നങ്ങൾ സംബന്ധിച്ച ചർച്ചകൾ സംഘടിപ്പിക്കുകയും വേണം. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ചുനിന്ന് ഈ പ്രശ്നത്തെ നേരിടാം.

ഉപക്ഷേപം സഭ നിരാകരിച്ചു.

(നിയമനിർമ്മാണകാര്യം-തുടർച്ച)

## 2025-ലെ കേരള ധനവിനിയോഗ ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2025-ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2025-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു (നെന്മാറ): ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ വളർച്ചയെ മുരടിപ്പിക്കുന്ന തരത്തിൽ കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സാമ്പത്തിക ഉപരോധത്തോടുള്ള പ്രതിപക്ഷ നിലപാട് വ്യക്തമാക്കണം. സാമ്പത്തിക ഉപരോധത്തിന്റെ ഭാഗമായി കേരളത്തിന്റെ ധനാഗമ മാർഗങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ വിഹിതത്തിൽ 1.92 ശതമാനം തുകയുടെ വെട്ടിക്കുറവാണ് വരുത്തിയിരിക്കുന്നത്. നെല്ല് സംഭരണം, പെൻഷൻ, എൻ.എച്ച്.എം ജീവനക്കാരുടെ ശമ്പളം, ആശാ വർക്കർമാരുടെ ഇൻസെന്റീവ് എന്നിവയ്ക്ക് കേന്ദ്ര സർക്കാർ തുകയൊന്നും വകയിരുത്താത്തത് അപലപനീയമാണ്. ഈ സാഹചര്യത്തിലും സംസ്ഥാന സർക്കാർ ഓണറേറിയമായി ആശാ വർക്കർമാർക്ക് ഇൻസെന്റീവ് ഉൾപ്പെടെ 13200 രൂപയാണ് നൽകുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് മറ്റ് സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്നതിനേക്കാൾ കുറഞ്ഞ തുകയാണ് കേരളത്തിന് ലഭ്യമാക്കുന്നത്. വ്യവസായ രംഗത്ത് പുരോഗതി കൈവരിക്കുകയും സമാധാനപരമായ വ്യാവസായികാന്തരീക്ഷം സൃഷ്ടിച്ചെടുക്കുന്നതിൽ കേരളത്തെ ഒന്നാം സ്ഥാനത്ത് എത്തിക്കുകയും ചെയ്ത സർക്കാരിനെ അഭിനന്ദിക്കുന്നു. കേന്ദ്രസർക്കാർ അനുവർത്തിച്ചുവരുന്ന നയങ്ങൾക്കെതിരെ പ്രതികരിക്കാൻ പ്രതിപക്ഷം തയ്യാറാകണം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സാധാരണക്കാരെയും കർഷകരെയും ബജറ്റിൽ അവഗണിച്ചിരിക്കുകയാണ്. ബജറ്റിൽ ലക്ഷ്യം വച്ചിട്ടുള്ള അധിക വിഭവ സമാഹരണം സാധാരണക്കാരായ ജനങ്ങളെയാണ് ബാധിക്കുന്നത്. മൂലധന ചെലവിനായി സർക്കാർ കടമെടുത്ത തുകയിൽനിന്നും 87 ശതമാനവും വകമാറ്റി ചെലവഴിച്ചുവെന്നാണ് സി. ആൻഡ് എ.ജി. റിപ്പോർട്ടിലുള്ളത്. സംസ്ഥാനത്ത് വിലക്കയറ്റം രൂക്ഷമാണ്. ക്ഷേമപെൻഷൻ തുക 2500 രൂപയാക്കി വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ, ആശ്വാസ കിരണം പദ്ധതി എന്നിവ മുടങ്ങിക്കിടക്കുകയാണ്. നിരാമയ ഇൻഷ്വറൻസ്

പദ്ധതിയുടെ സംസ്ഥാന വിഹിതം ഒരു വർഷമായി അടയ്ക്കുന്നില്ല. പുതിയതായി അപേക്ഷ നൽകുന്ന കർഷകർക്ക് പെൻഷൻ അനുവദിക്കുകയും പെൻഷൻ തുകയിൽ കാലോചിതമായ വർധനവ് വരുത്തുകയും വേണം. ഓർഫനേജ് കൺട്രോൾ ബോർഡിലെ കൗൺസിലറുടെ വേതനം വർധിപ്പിച്ച് സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കണം. ആശാ വർക്കർമാരുടെ വേതനം വർധിപ്പിക്കണം.

ശ്രീ. വാഴൂർ സോമൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ കേരളത്തെ സാമ്പത്തികമായി ഞെരുക്കുമ്പോഴും കാർഷിക, ക്ഷീര, ടൂറിസം മേഖലകൾക്ക് ഉണർവേകുന്ന നിരവധി പദ്ധതികൾ ബജറ്റിൽ ഉൾപ്പെടുത്തിയത് സ്വാഗതാർഹമാണ്. സംസ്ഥാനത്തിന് നൽകിയിരുന്ന കേന്ദ്ര നികുതി വിഹിതം 1.92 ശതമാനമായി കുറച്ചതും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽനിന്നും 1.55 കോടി ഗുണഭോക്താക്കളെ ഒഴിവാക്കിയതും പ്രതിഷേധാർഹമാണ്. ഉരുൾപൊട്ടലിൽ എല്ലാം നഷ്ടപ്പെട്ട മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലെ ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള സഹായം ആവശ്യപ്പെട്ടിട്ടും കേന്ദ്ര ബജറ്റിൽ തുകയൊന്നും വകയിരുത്താത്തതും പ്രതിഷേധാർഹമാണ്. വാഗമൺ അന്താരാഷ്ട്ര വിനോദ സഞ്ചാര കേന്ദ്ര വികസനത്തിനായി

മാസ്റ്റർപ്ലാൻ തയ്യാറാക്കാനും ആർട്ട് വില്ലേജ് സ്ഥാപിക്കാനുമുള്ള നടപടി സ്വീകരിക്കണം. തോട്ടം മേഖലയെ തകർച്ചയിൽനിന്നും കരകയറ്റാൻ സമഗ്രനയം നടപ്പാക്കണം. ഭൂപരിഷ്കരണ നിയമപ്രകാരം തോട്ടമെന്ന ആനുകൂല്യം കൈപ്പറ്റുകയും 25 വർഷത്തിലധികമായി പൂട്ടിയിട്ടിരിക്കുന്നതുമായ തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കുകയോ കൃഷിക്കായി മറ്റേതെങ്കിലും ഏജൻസിക്ക് കൈമാറുകയോ വേണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ സാമ്പത്തികമായി ഞെരുക്കുമ്പോഴും സംസ്ഥാന സർക്കാർ നടത്തുന്ന വികസന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിന് തുക അനുവദിച്ചത് അഭിനന്ദനാർഹമാണ്. കേന്ദ്ര പദ്ധതികൾക്കുള്ള തുകയിൽ വെട്ടിക്കുറവ് വരുത്തുന്ന കേന്ദ്ര സർക്കാർ നിലപാട് അപലപനീയമാണ്. ആശാ വർക്കേഴ്സിനെ തൊഴിലാളികളായി അംഗീകരിച്ച് വേതന ഘടന തയ്യാറാക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണം.

ശ്രീ. തോമസ് കെ. തോമസ്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ പ്രതികാര രാഷ്ട്രീയം സാമ്പത്തികമായി കേരളത്തെ ഞെരുക്കുകയും ഫെഡറൽ സംവിധാനത്തെ തകർക്കുകയും ചെയ്യുന്നു. കുട്ടനാട്ടിലെ കർഷകർക്ക് നല്ല രീതിയിൽ കൃഷി ചെയ്ത് മുന്നോട്ടുപോകാനാവശ്യമായ സംവിധാനമൊരുക്കണം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വ്യാവസായിക രംഗത്ത് കേരളം കൈവരിക്കുന്ന പുരോഗതി തൊഴിൽ രഹിതരായ യുവതീ-യുവാക്കൾക്ക് പ്രതീക്ഷ നൽകുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഷെയറുകൾ വിറ്റഴിച്ച് അമ്പത്തിയേഴായിരം കോടി രൂപ സമാഹരിക്കാനാണ് കേന്ദ്ര ബജറ്റ് നിർദേശിക്കുന്നത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ആശാ വർക്കർമാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ വർധിപ്പിച്ചുനൽകണം. വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ധനവിനിയോഗ ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ ക്രിയാത്മകമായ നിർദേശങ്ങളൊന്നും ഉയർന്നുവന്നിട്ടില്ല. വികസന കാര്യങ്ങളിൽ കക്ഷി

രാഷ്ട്രീയത്തിനതീതമായ സഹകരണവും പങ്കാളിത്തവുമുള്ളതുകൊണ്ടാണ് നീതി ആയോഗിന്റെ പഠനങ്ങളിൽ പല മേഖലയിലും സംസ്ഥാനത്തിന് ഒന്നാം സ്ഥാനത്തെത്താൻ സാധിച്ചത്. സംസ്ഥാനത്ത് നടക്കുന്ന വികസന പ്രവർത്തനങ്ങൾ പ്രതിപക്ഷം കണ്ടില്ലെന്ന് നടിക്കുകയാണ്. ആകെ 5282.23 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളിൽ 10121.75 കോടി രൂപ പ്ലാൻ ഇനത്തിലും 42730.48 കോടി രൂപ നോൺ പ്ലാൻ ഇനത്തിലുമാണ് വകയിരുത്തിയിട്ടുള്ളത്. ഈ സർക്കാരിന്റെ ഭരണകാലത്ത് സ്കൂളുകളും കോളേജുകളും ആശുപത്രികളും റോഡുകളും മറ്റ് വികസനപ്രവർത്തനങ്ങളും ധാരാളമായി ഉണ്ടായിട്ടുണ്ട്. റബ്ബറിന്റെ വില 250 രൂപയായി വർധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധം കാരണം സാമൂഹ്യ ക്ഷേമ പെൻഷൻ വർധിപ്പിക്കാൻ കേരളത്തിന് കഴിഞ്ഞില്ലെന്നത് യാഥാർത്ഥ്യമാണ്. ആശാ വർക്കർമാരുടെ ഓണറേറിയം വർധിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7,000/- രൂപ ഓണറേറിയവും മറ്റ് അലവൻസുകളുമുൾപ്പെടെ സംസ്ഥാനത്തെ ആശാ വർക്കേഴ്സിന് 13,000/-

രൂപ പ്രതിമാസം നൽകുന്നുണ്ട്. കൂടാതെ, ആശാകിരണം ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യങ്ങളും പ്രസവാവധിയും നൽകുന്നുണ്ട്. സ്കീം വർക്കേഴ്സിന് മിനിമം വേതനം നൽകണമെന്ന ട്രേഡ് യൂണിയനുകളുടെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാർ ഇതുവരെ അനുകൂല നിലപാട് സ്വീകരിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ ബജറ്റുകളിൽ സംസ്ഥാന വിഹിതത്തിൽ തുടർച്ചയായി വൻ വെട്ടിക്കുറവാണ് വരുത്തുന്നത്. സംസ്ഥാന സർക്കാരിനുമാത്രമായി സ്കീം വർക്കേഴ്സിന്റെ ആനുകൂല്യങ്ങൾ വർധിപ്പിച്ചുനൽകുന്നതിന് സാധിക്കില്ല.

2025-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2025-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ ശബ്ദവോട്ടോടെ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ - തുടർച്ച

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): നവകേരള സൃഷ്ടിയുടെ ഭാഗമായി കേരളീയ സമൂഹത്തെ ഒരു നവ വൈജ്ഞാനിക സമൂഹമാക്കി മാറ്റുന്നതിനാണ് ഉന്നത വിദ്യാഭ്യാസ മേഖല പ്രധാന പരിഗണന നൽകുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യ വിപുലീകരണവും അക്കാദമിക ഗുണമേന്മയും ഉറപ്പാക്കിയതിന്റെ തുടർച്ചയായി ഉന്നത വിദ്യാഭ്യാസ മേഖലയിലും മികവ് കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഇന്റർനാഷണൽ ഹബ്ബാക്കി മാറ്റുമെന്ന പ്രഖ്യാപനം നടപ്പാക്കുന്നതിനാണ് ശ്രമിക്കുന്നത്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ രാജ്യത്തിനുതന്നെ മാതൃകയാകുന്ന തരത്തിലുള്ള സമഗ്ര പരിഷ്കാരങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്. സർവകലാശാല നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ മാറ്റം വരുത്തേണ്ടതുണ്ട്. വിദ്യാർഥികൾക്ക് വേഗത്തിലും ലളിതമായും ഉന്നതവിദ്യാഭ്യാസ സേവനങ്ങൾ ലഭ്യമാക്കുക, ജനാധിപത്യപരമായ വികേന്ദ്രീകരണം ശക്തിപ്പെടുത്തുക, ഉന്നതവിദ്യാഭ്യാസ പരിഷ്കരണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുക, പൊതു സർവകലാശാലകളെ ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ തയ്യാറാക്കിയിട്ടുള്ളത്. ഈസ് ഓഫ് ഡൂയിങ് ഹയർ എഡ്യൂക്കേഷൻ, ഡിഗ്നിഫൈഡ് സ്റ്റുഡന്റ്സ് ലൈഫ്, ഡിഗ്നിഫൈഡ് ടീച്ചേഴ്സ് ലൈഫ് എന്നിവ ഉറപ്പുവരുത്താൻ ഈ നിയമ പരിഷ്കരണങ്ങളിലൂടെ

ലക്ഷ്യം വയ്ക്കുന്നു. കാലിക്കറ്റ്, കേരള സർവകലാശാലകളിൽ ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം സിൻഡിക്കേറ്റിന് നൽകുന്ന വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യവസായ, വിദ്യാഭ്യാസ മേഖലകളുടെ സഹകരണം ഉറപ്പാക്കിക്കൊണ്ട് സർവകലാശാലകളിൽ ഗവേഷണ പാർക്കുകൾ ആരംഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ സ്ഥാപിക്കുന്നതിനും ഇ-ഗവേണൻസ് നടപ്പാക്കുന്നതിനും റൂൾസ് ഓഫ് ബിസിനസ് രൂപീകരിക്കുന്നതിനുമാവശ്യമായ വ്യവസ്ഥകൾ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഗവേഷണ മേഖലയിൽ കാലാനുസൃതമായ മാറ്റം കൊണ്ടുവരാനാണുദ്ദേശിക്കുന്നത്. ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചത്. പൊതുസർവകലാശാലകൾക്ക് ബദലായി സ്വകാര്യ സർവകലാശാലകളെ കാണുന്നില്ല. പൊതുസർവകലാശാലകളെയും കോളേജുകളെയും ശക്തിപ്പെടുത്തുന്നതിനുതന്നെയാണ് പ്രഥമ പരിഗണന നൽകുന്നത്. NAAC അക്രഡിറ്റേഷൻ ഗ്രേഡിങ്ങിലും NIRF, TIMES, QS തുടങ്ങിയ റാങ്കിങ്ങിലും സംസ്ഥാനത്തെ പൊതുസർവകലാശാലകൾക്ക് മികച്ച

മുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. രാജ്യത്തെ മികച്ച കലാലയങ്ങളിൽ 21 ശതമാനവും കേരളത്തിലാണെന്നത് അഭിമാനകരമാണ്. നീതി ആയോഗിന്റെ റിപ്പോർട്ട് പ്രകാരം ഉന്നത വിദ്യാഭ്യാസരംഗത്ത് ഏറ്റവുമധികം പണം ചെലവഴിക്കുന്ന സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. സ്വകാര്യ മേഖലയോട് ആരോഗ്യകരമായ മത്സരം നടത്താനുള്ള ശേഷി പൊതുസർവകലാശാലകൾക്കുണ്ടെന്ന് ഉറപ്പുവരുത്തിക്കൊണ്ട് അവയുടെ ശക്തീകരണത്തിന് മുൻഗണന നൽകിയാണ് സ്വകാര്യ സർവകലാശാലകൾ ആരംഭിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നത്. സാമൂഹ്യനിയന്ത്രണത്തിനുള്ള സംവിധാനങ്ങൾ പ്രസ്തുത ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംവരണം, പട്ടികജാതി-പട്ടിവർഗ വിദ്യാർഥികൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസിളവ്, സ്കോളർഷിപ്പ്, പരാതി പരിഹാര സംവിധാനങ്ങൾ, അവശ്യഘട്ടങ്ങളിൽ സർക്കാരിന് ഇടപെടാനുള്ള അധികാരം തുടങ്ങിയവ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 25-05-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർവകലാശാലയുടെ ചാൻസലറായ ഗവർണറേക്കാൾ പ്രോ-ചാൻസലറായ

മന്ത്രിക്ക് അമിതാധികാരം നൽകുന്നതിനും വൈസ് ചാൻസലറുടെ അധികാരം പരിമിതപ്പെടുത്തുന്നതിനുമാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. സർവകലാശാലയുടെ സ്വയംഭരണാവകാശം കവർന്നെടുക്കുന്നതിനും അവയുടെ ഔന്നത്യം തകർക്കാനുമാണ് ഈ ബില്ലിലൂടെ സർക്കാർ ശ്രമിക്കുന്നത്. ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഒരു ഉപവകുപ്പായി സർവകലാശാലകളെ മാറ്റുന്ന തരത്തിലുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രോ-വൈസ് ചാൻസലറിൽ അധികാരം കേന്ദ്രീകരിക്കുന്നത് ദുഃസ്വാധീനങ്ങൾക്കിടയാക്കും. സർവീസ് കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള സർവകലാശാല ട്രിബ്യൂണലിന് വൈസ് ചാൻസലറിൽ നിക്ഷിപ്തമായ അധികാരങ്ങൾ നൽകുന്നതും ബോർഡ് ഓഫ് സ്റ്റഡീസിന്റെ ചെയർമാനെ നിശ്ചയിക്കാനുള്ള അധികാരം സിൻഡിക്കേറ്റിൽ നിക്ഷിപ്തമാക്കുന്നതും അംഗീകരിക്കാനാവില്ല. ഉപരിപഠനത്തിനായി വിദേശ രാജ്യങ്ങളിലേക്ക് പോകുന്ന വിദ്യാർഥികളുടെ എണ്ണം വർധിച്ചതും സ്വാശ്രയ കോളേജുകളിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതും ഉന്നത വിദ്യാഭ്യാസ മേഖലയിലെ അപചയത്തെയാണ് സൂചിപ്പിക്കുന്നത്. കുസാറ്റ് സിൻഡിക്കേറ്റിൽ നിയമസഭാ സാമാജികരുടെ പ്രാതിനിധ്യം കുറച്ചത് അപലപനീയമാണ്. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിലെ അധ്യക്ഷൻമാരായി നിയോഗിക്കപ്പെട്ട സ്വകാര്യ കോളേജ് അധ്യാപകർക്ക് പ്രസ്തുത പദവിയിലിരിക്കുന്ന കാലയളവ് ഔദ്യോഗിക അവധിയായി കാണക്കാക്കുമെന്ന വകുപ്പ് ബില്ലിൽ ഉൾപ്പെടുത്തിയത് അനുചിതമാണ്. സർവകലാശാലകളുടെ അധികാരം വൈസ് ചാൻസലർമാരിൽനിന്നും മന്ത്രിയിലേക്ക് മാത്രം കേന്ദ്രീകരിക്കുന്ന വ്യവസ്ഥകളാണ് ബില്ലിലുൾപ്പെടുത്തിയിട്ടുള്ളത്. സർവകലാശാലകളുടെ അടിസ്ഥാന ഘടകമായ ഓട്ടോണമിയെ തകർക്കാൻ ശ്രമിക്കുന്നത് വിദ്യാഭ്യാസ മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കും. വിദ്യാർഥികളുടെ ധാർമ്മിക ഉത്തരവാദിത്വം സംബന്ധിച്ച് ബില്ലിൽ പരാമർശിക്കാത്തത് വിദ്യാഭ്യാസ മേഖല ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നത്തെ മറച്ചുവയ്ക്കലാണ്.

<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വൈജ്ഞാനിക സമ്പദ് വ്യവസ്ഥയിലേക്കുള്ള പരിണാമത്തിന് ഉപയുക്തമാകുംവിധം യൂണിവേഴ്സിറ്റികളുൾപ്പെടെയുള്ള പൊതുസംവിധാനങ്ങളെ രൂപപ്പെടുത്തേണ്ടത് അത്യാവശ്യമായ സാഹചര്യത്തിലാണ് ഈ ബില്ലുകൾ പ്രസക്തമാകുന്നത്. സർക്കാർ

ഇടപെടലിനപ്പുറമെ സ്വകാര്യ സ്വാശ്രയ മേഖലകളെയും ഉപയോഗപ്പെടുത്തിയാണ് ഉന്നതവിദ്യാഭ്യാസ മേഖല വളർച്ച കൈവരിച്ചത്. സ്വകാര്യ സർവകലാശാലകൾക്ക് പ്രവർത്തനാനുമതി നൽകാനുള്ള കരട് നിയമനിർമ്മാണമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. വലിയ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും സംസ്ഥാന സർക്കാർ ഉന്നത വിദ്യാഭ്യാസ മേഖലയിൽ 6500 കോടി രൂപയാണ് കഴിഞ്ഞ നാലുവർഷ കാലയളവിനുള്ളിൽ ചെലവഴിച്ചത്. പൊതുവിദ്യാഭ്യാസ യജ്ഞത്തിലൂടെ പ്രാഥമിക വിദ്യാഭ്യാസ മേഖലയെ വീണ്ടെടുത്ത സർക്കാർ സ്വകാര്യ മേഖലയെ വെല്ലുന്ന സൗകര്യങ്ങളാണ് കലാലയങ്ങളിൽ ഒരുക്കിയിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ആധുനികവൽക്കരണത്തിന് തുടക്കമിട്ടതും കേരളത്തെ നോളജ് എക്കോണമിയായി ഉയർത്തുന്നതിന് തീരുമാനിച്ചതും എടുത്തുപറയത്തക്കതാണ്. ഇടതുപക്ഷ ഗവൺമെന്റ് ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് നൽകിയ മുന്തിയ പരിഗണനയുടെ ഫലമായി സംസ്ഥാനത്തെ നാല് സർവകലാശാലകൾ രാജ്യത്തെ മികച്ച നൂറ് സർവകലാശാലകളുടെ ലിസ്റ്റിൽ ഇടംപിടിച്ചു. അധ്യയനത്തിന്റെയും ഗവേഷണത്തിന്റെയും കാര്യത്തിൽ അന്താരാഷ്ട്ര ഏജൻസികളുടെ അംഗീകാരം നേടാൻ കേരളത്തിലെ സർവകലാശാലകൾക്ക് സാധിച്ചിട്ടുണ്ട്. വലിയ തോതിലുള്ള

മാനുഷിക വിഭവശേഷി വികസിപ്പിക്കാൻ സർക്കാർ മേഖല മാത്രം പര്യാപ്തമല്ലെന്ന് മനസിലാക്കിയാണ് സ്വകാര്യ സർവകലാശാലകൾ അനുവദിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്താൻ സർക്കാർ തയ്യാറായത്. നിശ്ചിത ശതമാനം സംവരണവും മെരിറ്റും ഫീസിളവും ഉറപ്പുവരുത്തിയും വിദ്യാഭ്യാസ കച്ചവടത്തിന് തടയിടാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയുമാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

<u>ശ്രീ. എം. വിജിൻ</u>: 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-05-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകിയുള്ള കർമ്മ പദ്ധതികളാണ് രണ്ടാം പിണറായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ലോകോത്തര നിലവാരത്തിലേക്ക് എത്തിക്കുന്നതിനായി 1847 കോടി രൂപ കിഫ്ബിയിലൂടെ അനുവദിച്ചിട്ടുണ്ട്. വിദേശ സർവകലാശാലകൾക്ക് സമാനമായി സംസ്ഥാനത്തെ സർവകലാശാലകളിൽ നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കാനും അശാസ്ത്രീയതയ്ക്കും കൊഴിഞ്ഞുപോക്കിനും ഇടനൽകാതെ സിലബസ്

കാലാനുസൃതമായി പരിഷ്കരിച്ച് വിദ്യാർഥികൾക്ക് ഒരേസമയം വൈവിധ്യമാർന്ന കോഴ്സുകൾ പഠിക്കുന്നതിന് അവസരമൊരുക്കാനും സാധിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ 'അടുത്ത തലമുറയിലെ ഉന്നതവിദ്യാഭ്യാസം' എന്ന വിഷയത്തിൽ ഒരു അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിക്കും നവീകരണത്തിനും ഉതകുന്ന ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് ലോകത്തിനുമുന്നിൽ അഭിമാനത്തോടെ മുന്നോട്ടുവയ്ക്കാവുന്ന ഒന്നാണ്. പിണറായിയിലെ എഡ്യൂക്കേഷൻ ഹബ്ബിനെ ലോകത്തോട് കിടപിടിക്കുന്ന സംവിധാനമായി ഉന്നതവിദ്യാഭ്യാസ വകുപ്പ് മാറ്റുകയാണ്. 838 പുതിയ കോഴ്സുകൾ ആരംഭിക്കാനും സർവകലാശാല സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് കെ-റീപ്പ് പദ്ധതി നടപ്പാക്കാനും പഠനത്തോടൊപ്പം തൊഴിലും പഠിക്കാനുള്ള വിവിധ കോഴ്സുകൾ വിഭാവനം ചെയ്യാനും എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൂതന സംരംഭകത്വ സേവനങ്ങൾ ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. നാക് റാങ്കിങ്ങിൽ സംസ്ഥാനത്തെ രണ്ട് യൂണിവേഴ്സിറ്റികൾക്ക് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് ഇതര സംസ്ഥാനങ്ങളിൽനിന്നും വിവിധ രാജ്യങ്ങളിൽനിന്നും വിദ്യാർഥികളെ ആകർഷിക്കുന്നതിനും ഉന്നതവിദ്യാഭ്യാസ രംഗത്തെ പുതിയ സാധ്യതകൾ നടപ്പാക്കുന്നതിനുമായാണ് സ്വകാര്യ സർവകലാശാലകൾ അനുവദിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. സ്വകാര്യ സർവകലാശാലകളിന്മേൽ സർക്കാർ നിയന്ത്രണവും മെരിറ്റും സാമൂഹ്യനീതിയും ഉറപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിലെ സ്വകാര്യ സർവകലാശാല ബില്ലുകളിൽനിന്നും വ്യത്യസ്തമായി വിദ്യാർഥികളുടെ അവകാശങ്ങളും പട്ടികജാതി-പട്ടികവർഗ വിഭാഗ വിദ്യാർഥികൾക്കുള്ള ഫീസിളവ്, സ്കോളർഷിപ്പ്, കേരളത്തിലെ കുട്ടികൾക്കുള്ള സംവരണം ഉൾപ്പെടെയുള്ള കാര്യങ്ങളും വ്യവസ്ഥകൾ ലംഘിക്കുന്ന സർവകലാശാലയുടെ അംഗീകാരം പിൻവലിക്കാനും അധ്യാപകർ, അനധ്യാപകർ, വിദ്യാർഥികൾ എന്നിവരുടെ ജനാധിപത്യപരമായ അവകാശങ്ങൾ സംരക്ഷിക്കാനുമുള്ള മാർഗനിർദേശങ്ങളും ബില്ലിൽ അടങ്ങിയിട്ടുണ്ട്. സ്കൂട്ടിനി കമ്മിറ്റി പരിശോധന നടത്തിയാണ് വിദ്യാർഥികളുടെ പ്രവേശനം ഉറപ്പുവരുത്തുന്നത്. സംസ്ഥാനത്തെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കുന്നതിനും പൊതുമേഖലാ സർവകലാശാലകളെ മികവിന്റെ

കേന്ദ്രങ്ങളാക്കിക്കൊണ്ട് കേരളത്തിലെ വിദ്യാർഥികൾക്ക് പഠനമേഖലയിൽ പുതിയ അന്തരീക്ഷം സൃഷ്ടിക്കാനുതകുന്ന ബില്ലാണിത്.

ശ്രീ. മുഹമ്മദ് മുഹസിൻ: 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സാമൂഹ്യനീതി ഉറപ്പാക്കിയും സർക്കാർ നിയന്ത്രണത്തോടുകൂടിയുമാണ് സ്വകാര്യ സർവകലാശാലകൾ പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തണം. വിദ്യാർഥികളെയും അധ്യാപകരെയും ചൂഷണം ചെയ്യുന്നില്ലെന്നും റിസർച്ചിനും ഇന്നവേഷനും പ്രയോറിറ്റി കൊടുക്കുന്നുണ്ടെന്നും എല്ലാ തലത്തിലുമുള്ള വിദ്യാർഥികൾക്ക് പ്രവേശനം ലഭ്യമാകുന്നുണ്ടെന്നും കോഴ്സുകൾ വിൽക്കുന്ന സാഹചര്യമുണ്ടാകുന്നില്ലെന്നും ഉറപ്പുവരുത്തണം. സ്വകാര്യ സർവകലാശാലകളുടെ പ്രവർത്തനം പൊതുസർവകലാശാലകളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യവും ഫാക്കൽറ്റികളുടെ ബ്രെയിൻ ഡ്രെയിനുണ്ടാകുന്നത് തടയുന്നതിനുമുള്ള സംവിധാനമുണ്ടാകണം. സ്വകാര്യ സർവകലാശാലകൾ പൊതുസർവകലാശാലകളെക്കൂടി റിസർച്ചിൽ സഹായിക്കുന്നതിനും ഫണ്ട് ചെയ്യുന്നതിനുമുള്ള സംവിധാനവുമുണ്ടാകണം. സംവരണത്തിലൂടെ പ്രവേശനം ലഭിക്കുന്ന വിദ്യാർഥികൾക്ക് സ്വകാര്യ

സർവകലാശാലകളിൽ നിലനിന്നുപോകാനുള്ള സാഹചര്യം സൃഷ്ടിക്കണം. കേരളത്തിൽ ആരംഭിക്കാൻ പോകുന്ന സ്വകാര്യ സർവകലാശാലകളിൽ പഠിപ്പിക്കുന്ന കോഴ്സുകളിൽ നൈപുണ്യവികസനത്തിന് ഊന്നൽ നൽകാനും സ്റ്റുഡന്റ്സ് യൂണിയൻ ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കപ്പെടാനും ഡിബേറ്റും ഡിസ്കഷനും നടത്താനുമുള്ള സാഹചര്യമുണ്ടാകണം. സ്വകാര്യ സർവകലാശാലകൾ യാഥാർഥ്യമായാൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകുന്ന കേന്ദ്ര ഫണ്ട് കുറയാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ/വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർഥികൾക്ക് അധിക പോയിന്റ് നൽകി അഡ്മിഷൻ ലഭിക്കുന്ന സാഹചര്യമുണ്ടാകണം. സമൂഹം നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കാൻ കഴിയുന്ന വിഷയങ്ങളിലെ റിസർച്ചിന് മുൻഗണന നൽകുകയും അതിനാവശ്യമായ ഫണ്ട് അനുവദിക്കുകയും വേണം.

ശ്രീ. മഞ്ഞളാംകുഴി അലി: 1(എ) നമ്പർ ഭേദഗതിയെ പിന്താങ്ങുന്നു. ഉന്നതവിദ്യാഭ്യാസ രംഗത്ത് സർക്കാർ മുതൽമുടക്ക് വർധിപ്പിച്ച് പുതിയ കോഴ്സുകളും സൗകര്യങ്ങളും ഏർപ്പെടുത്താതെ സ്വകാര്യ സർവകലാശാലകൾ ആരംഭിക്കുന്നത് സമൂഹത്തിൽ പ്രത്യാഘാതം സൃഷ്ടിക്കും. നിലവിലുള്ള

സ്വാശ്രയ കോളേജുകളുടെ സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി അഫിലിയേഷൻ നിയമങ്ങളിൽ ഇളവും സാമ്പത്തിക സഹായവും നൽകി യോഗ്യതയുള്ള സ്ഥാപനങ്ങൾക്ക് 12 (ബി) അംഗീകാരം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കണം. ബില്ലിലെ 51-ാം വകുപ്പിലെ വ്യവസ്ഥ പ്രകാരം അടിസ്ഥാനസൗകര്യ വികസനത്തിനായി വിദ്യാർഥികളിൽനിന്നും സംഭാവന സ്വീകരിക്കുന്നത് വ്യാപകമായി ദുരുപയോഗം ചെയ്യാനിടയാക്കും. സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നത് പൊതുസർവകലാശാലകളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കും. സ്വകാര്യ സർവകലാശാലകൾക്കുള്ള അധികാരപരിധി ബില്ലിൽ വ്യവസ്ഥ ചെയ്യാത്തത് പ്രതിഷേധാർഹമാണ്. പൊതുസർവകലാശാലകളുടെ കോഴ്സിനെ ബാധിക്കാത്ത വിധത്തിലായിരിക്കണം കോഴ്സുകൾക്ക് അനുമതി നൽകേണ്ടത്. ഫീസ് നിശ്ചയിക്കാനുള്ള അധികാരം സ്വകാര്യ സർവകലാശാലകൾക്ക് നൽകാനുള്ള സർക്കാർ തീരുമാനം പുനരാലോചിക്കണം. സർക്കാർ സ്വാശ്രയ സ്ഥാപനങ്ങൾ സഹകരണ മേഖലയിൽ സർവകലാശാലകൾ ആരംഭിക്കുന്നതിനെ പ്രോത്സാഹിപ്പിക്കണം. അതിന് എൻഡോവ്മെന്റ് ഫണ്ട് പോലുള്ള നിബന്ധനകൾ ഒഴിവാക്കണം. മുന്നൊരുക്കങ്ങളില്ലാതെയും സർക്കാർ

നിയന്ത്രണങ്ങളിൽ ഇളവുവരുത്തിയും ബിസിനസ് സെന്റേഴ്സ് മാത്രമായി സർവകലാശാലകളെ ഉപയോഗിക്കാൻ കഴിയുന്ന തരത്തിലാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബിൽ ഗുണത്തേക്കാളേറെ ദോഷം ചെയ്യുമെന്നാണ് അക്കാദമിക രംഗത്തെ വിദഗ്ധർ ആശങ്കപ്പെടുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 2(ബി) നമ്പർ ഭേദഗതിയെ പിന്താങ്ങുന്നു. ഈ ബില്ലിൽ കടന്നുകൂടിയിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കേണ്ടത് അനിവാര്യമാണ്. ബില്ലിലെ 3(1) വകുപ്പുപ്രകാരം സ്വകാര്യ സർവകലാശാലകൾക്ക് സംസ്ഥാനത്തും രാജ്യത്തിനുപുറത്തും ഓഫ്-ക്യാമ്പസ് സെന്ററുകളും ഓഫ്-ഷോർ ക്യാമ്പസുകളും പഠന കേന്ദ്രങ്ങളും ആരംഭിക്കാൻ കഴിയുമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ സർക്കാർ സർവകലാശാലകൾക്കും അതിനുള്ള അനുമതി നൽകണം. 25 കോടി രൂപയും 10 ഏക്കർ സ്ഥലവുമുണ്ടെങ്കിൽ സ്വകാര്യ സർവകലാശാലകൾ തുടങ്ങാമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് വിദ്യാഭ്യാസത്തെ കച്ചവടമാക്കുന്നതിനുവേണ്ടിയാണ്. അക്കാര്യത്തിൽ വ്യക്തമായ നിബന്ധന ബില്ലിൽ ഉൾപ്പെടുത്തണം. എം.ഇ.എസ്., എൻ.എസ്.എസ്., എസ്.എൻ.ഡി.പി., ക്രിസ്ത്യൻ മാനേജ്മെന്റ് പോലുള്ള മികച്ച വിദ്യാഭ്യാസ

ഏജൻസികൾക്ക് സ്വകാര്യ സർവകലാശാലകൾ ആരംഭിക്കാൻ അനുമതി നൽകണം. കുട്ടികളെ ആകർഷിക്കുന്ന തരത്തിൽ സിലബസ് പരിഷ്കരിക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്യണം. സ്വകാര്യ സർവകലാശാലകൾ വരുന്നതോടുകൂടി മെഡിക്കൽ, പാരാ മെഡിക്കൽ, നഴ്സിങ് കോഴ്സുകൾക്ക് ഫീസ് വർധനവുണ്ടാകുമെന്ന ആശങ്ക ദൂരീകരിക്കണം. സ്വകാര്യ സർവകലാശാലകളിൽ ചാൻസലറായി ഹൈക്കോടതി ചീഫ് ജസ്റ്റിസിനെ നിയമിക്കാൻ നടപടിയുണ്ടാകണം. പൊതു സർവകലാശാലകളെ പ്രോത്സാഹിപ്പിക്കുന്ന സമീപനം സ്വീകരിച്ചാൽ മാത്രമേ വിദേശ രാജ്യങ്ങളിലേക്കുള്ള വിദ്യാർഥികളുടെ പലായനം അവസാനിപ്പിക്കാൻ സാധിക്കൂ. ഇതൊരു ബിൽ എന്നതിലുപരി കേരളത്തിലെ പൊതുസമൂഹത്തിനുള്ള ഒരു മാർഗരേഖയായി മാറ്റാൻ കഴിയണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): കേരളത്തെ ഉന്നത വിദ്യാഭ്യാസ ഇന്റർനാഷണൽ ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് കാലാനുസാരിയായ പരിഷ്കാരങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവരുന്നത്. പതിറ്റാണ്ടുകൾക്കുമുമ്പ് രൂപീകൃതമായ സർവകലാശാലാ നിയമങ്ങളിൽ കാലാനുസൃതമായ

ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടാണ് 2025-ലെ കേരള സർവകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ അവതരിപ്പിച്ചിട്ടുള്ളത്. പൊതുസർവകലാശാലകളെ ശാക്തീകരിക്കുന്ന പ്രവർത്തനങ്ങൾക്ക് പരമാവധി ഊന്നൽ നൽകിക്കൊണ്ടും സ്വകാര്യ മേഖലയുടെ വിഭവംകൂടി പ്രയോജനപ്പെടുത്തി ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്താനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സ്വകാര്യ സർവകലാശാലകളിലെ വിദ്യാർഥികൾക്ക് മെച്ചപ്പെട്ട സാഹചര്യങ്ങൾ ഒരുക്കുന്നതിനോടൊപ്പം വിദേശ<u>ത്തു</u>നിന്നുള്ള വിദ്യാർഥികളെക്കൂടി ആകർഷിക്കാനുതകുന്ന തരത്തിലുള്ള ഉന്നത വിദ്യാ കേന്ദ്രമായി കേരളത്തെ മാറ്റുകയെന്ന ഉദ്ദേശത്തോടുകൂടിയാണ് 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ അവതരിപ്പിച്ചിട്ടുള്ളത്. സർവാധികാരങ്ങളും പ്രോ-ചാൻസലറിൽ കേന്ദ്രീകരിക്കുകയാണ് ഈ ബില്ലിന്റെ പ്രധാന ഉദ്ദേശ്യമെന്ന പ്രതിപക്ഷ വാദം അടിസ്ഥാനരഹിതമാണ്. ചാൻസലറുടെ അധികാരങ്ങൾ സംബന്ധിച്ച് നിലവിലുള്ള നിയമത്തിൽ വ്യക്തമാക്കിയിട്ടുള്ളതിനാലാണ് ഭേദഗതി ബില്ലിൽ അക്കാര്യം സൂചിപ്പിക്കാത്തത്. ഈ ഭേദഗതി ബില്ലിലൂടെ ചാൻസലറുടെ അധികാരം വെട്ടിക്കുറച്ചിട്ടില്ല. നിലവിലെ നിയമത്തിൽ ചാൻസലറുടെ എല്ലാ

അധികാരങ്ങളും പ്രോ-ചാൻസലറിൽ നിക്ഷിപ്തമാകുമെന്ന വ്യവസ്ഥയ്ക്ക് കൂടുതൽ സ്പഷ്ടീകരണം നൽകുന്നതിനുവേണ്ടിയാണ് അതുസംബന്ധിച്ച് ബില്ലിൽ വ്യക്തമാക്കിയിട്ടുള്ളത്. നിലവിലെ സർവകലാശാലാ നിയമത്തിൽ സർവകലാശാലാ തിരഞ്ഞെടുപ്പുകളിലെ വരണാധികാരിയും അപ്പീൽ അധികാരിയും വൈസ് ചാൻസലർ ആണെന്നുള്ള അപാകത പരിഹരിക്കുന്നതിനാണ് സർവകലാശാലാ രജിസ്ട്രാറെ വരണാധികാരിയായി അധികാരപ്പെടുത്തുന്നതിനുള്ള ഭേദഗതി ഉൾപ്പെടുത്തിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷരായി നിയോഗിക്കപ്പെടുന്ന കോളേജ് അധ്യാപകരുടെ ശൂന്യ വേതനാവധി കാലയളവ് സർവീസായി പരിഗണിക്കണമെന്ന ആവശ്യം വിവിധ തലങ്ങളിൽനിന്ന് ലഭിച്ചതിനെത്തുടർന്നാണ് ടി വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സർവകലാശാല അധ്യാപകരെ നിയമിക്കുന്നതും പഠന ബോർഡുകൾ രൂപീകരിക്കുന്നതും സിൻഡിക്കേറ്റാണെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് അഫിലിയേറ്റഡ് കോളേജുകളെ ശാക്തീകരിച്ച് സ്വകാര്യ സർവകലാശാലകൾ അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്. വിശദമായ പദ്ധതി രേഖ സമർപ്പിച്ച് റിസർച്ച് ഫെസിലിറ്റീസ് ഉൾപ്പെടെയുണ്ടെന്ന്

ഉറപ്പുവരുത്തിയാൽ മാത്രമേ സ്വകാര്യ സർവകലാശാലകൾ ആരംഭിക്കുന്നതിന് അനുമതി നൽകുകയുള്ളൂ. വിദ്യാർഥികളിൽനിന്നും വികസന ഫണ്ട് പിരിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. നീതി ആയോഗിന്റെ റിപ്പോർട്ടിലും ആൾ ഇന്ത്യ ഹയർ എഡ്യൂക്കേഷൻ സർവെയിലും ഉന്നത വിദ്യാഭ്യാസ മേഖലയെ പ്രശംസിച്ചിട്ടുള്ളത് അഭിമാനാർഹമാണ്. ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2025-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ, 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ എന്നിവ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ വൈകുന്നേരം 6.45-ന് പിരിഞ്ഞു.

*******